സ്കൂൾ കലോത്സവം

14 (*255) ശ്രീ. സി. എഫ്. തോമസ് :

ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി വിദ്യാർത്ഥികൾക്ക് തങ്ങളുടെ തനത് കലാരൂപങ്ങൾ സ്കൂൾ കലോത്സവങ്ങളിൽ അവതരിപ്പിക്കുന്നതിന് ഇത്തവണയും അവസരം ലഭിച്ചില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;.

(ബി) പ്രസ്തുത വിഭാഗത്തിന്റെ തനത് കലാരൂപങ്ങൾ സ്കൂൾ കലോത്സവത്തിൽ അവതരിപ്പിക്കുന്നതിന് നിലവിൽ തടസ്സങ്ങളുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി കലോത്സവ മാന്വൽ പരിഷ്കരിക്കുന്നതിന് നടപടി കൈക്കൊള്ളുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്):

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആദിവാസി വിദ്യാർത്ഥികൾക്ക് തങ്ങളുടെ തനത് കലാരൂപങ്ങൾ സ്കൂൾ കലോത്സവങ്ങളിൽ അവതരിപ്പിക്കുന്നതിനായി ആയത് സർക്കാർ ഉത്തരവ് പ്രകാരം കേരള സ്കൂൾ കലോത്സവ മാന്വലിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. 56-ാമത് സ്കൂൾ കലോത്സവത്തിൽ ആദിവാസി ഗോത്രകലകൾ പ്രദർശന ഇനമായി ഉൾപ്പെടുത്തിയിരുന്നു.

(സി) സ്കൂൾ കലോത്സവ മാന്വൽ പരിഷ്കരിക്കുന്നതിനുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി ചെയർമാനായി ഒരു മാന്വൽ പരിഷ്കരണ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി ആദിവാസി ഗോത്രകലകൾ കലോത്സവ മാന്വലിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ബൈപ്പാസ് റോഡുകൾ

15 (*256) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :

ശ്രീ. പി. ഉബൈദുള്ള :

ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടണങ്ങളോടനുബന്ധിച്ചുള്ള ബൈപ്പാസ് റോഡുകളുടെ നിർമ്മാണ പദ്ധതി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly